# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2503 06.12.2018 -ൽ മറുപടിക്ക്

## എം.എസ്.എം.ഇ സെക്ടറിലെ സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി

**ചോദ്യം** **ഉത്തരം**

**ശ്രീ.ഡി.കെ. മുരളി**

**ശ്രീ. ഇ.പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി**

| | | | |
|---|---|---|---|
| എ) | വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എം.എസ്.എം.ഇ (Micro, Small & Medium Entrerprises) സെക്ടറിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് എം.എസ്.എം.ഇ. സെക്ടറിൽ പ്രവർത്തിക്കുന്ന സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>• സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളുടെ വളർച്ചക്ക് വേണ്ടി ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ (ബി2 ബി) സംഘടിപ്പിക്കുന്നു.<br><br>• മുള മേഖലയിലെ വിപണന വികസനത്തിനായി കേരള സംസ്ഥാന ബാംബൂ മിഷന്റെ നേതൃത്വത്തിൽ ബാംബൂ ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്.<br><br>• കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി ലഭ്യമാക്കുന്നതിനായി വിവിധ ദേശീയ അന്തർ ദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചിട്ടുണ്ട്.<br><br>• കേരളത്തിലെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ എല്ലാം ഉൾകൊള്ളിച്ചുകൊണ്ട് കരകൗശലക്കാർ/ ശിൽപ്പികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുവാനും അവരുടെ |

<table>
<tr>
<td></td>
<td></td>
<td></td>
<td>ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനുമായി മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചു.<br><br>
• സംസ്ഥാനത്തെ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് സൗകര്യപ്രദമായ രീതിയിൽ എം.എസ്.എം.ഇ പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.<br><br>
• കൂടാതെ 03.12.2018 ലെ സ.ഉ.(സാധാ) നം.1329/2018/വ്യവ ഉത്തരവ് പ്രകാരം "വാണിജ്യ മിഷൻ" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.</td>
</tr>
<tr>
<td>ബി)</td>
<td>വിദേശ രാജ്യങ്ങളിലുൾപ്പെടെ നടത്തപ്പെട്ട വ്യാപാര വാണിജ്യ മേളകളിൽ എം.എസ്.എം.ഇ സെക്ടറിലെ എത്ര സംരംഭകരുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ടെന്നും അവർക്ക് ലഭിച്ച വ്യാപാര ഓർഡറുകൾ എത്രയെന്നും വിശദമാക്കാമോ?</td>
<td>(ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി ലഭ്യമാക്കുന്നതിലേക്കായി അന്തർ ദേശീയ തലത്തിൽ താഴെ പറയുന്ന പറയുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചിട്ടുണ്ട്.
<table>
<tr><th>മേള</th><th>പങ്കെടുത്ത സ്ഥാപനങ്ങളുടെ എണ്ണം</th></tr>
<tr><td>പ്രോ ഫുഡ് പ്രോ പാക്ക്-2016 ആഗസ്റ്റ് 12 മുതൽ 14 വരെ (കൊളംബോ, ശ്രീലങ്ക)</td><td>14</td></tr>
<tr><td>വിയറ്റ്ഫുഡ് & ബീവറേജ് ആന്റ് പ്രോപാക്ക്-2016 ആഗസ്റ്റ് 9 മുതൽ 12 വരെ (വിയറ്റ്നാം)</td><td>18</td></tr>
<tr><td>ഹോട്ടൽ ഷൊ കൊളംബോ-2018 ജൂലൈ 20 മുതൽ</td><td>20</td></tr>
</table></td>
</tr>
</table>

| | | | |
|---|---|---|---|
| | | | 22 വരെ (ശ്രീലങ്ക)<br>പ്രസ്തുത മേളകളിലൂടെ സംരംഭകർ നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനാൽ സംരംഭകർക്ക് ലഭിച്ച വ്യാപാര ഓർഡറുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല. |

**സെക്ഷൻ ഓഫീസർ**